## CHAPTER: 3

ഗലാതൃലേഖനം ഒന്നും രണ്ടും അദ്ധ്യായങ്ങളിൽ പൗലൂസ് യാതൊരു വിധ സംശയത്തിനും ഇടവരാത്ത വണ്ണം തെളിയിച്ചു.

1. പൗലൂസിന്റെ അപ്പൊസ്തലത്വം ദൈവത്തിൽ നിന്നും ലഭിച്ചത്.
2. താൻ ഉയർത്തിക്കാട്ടുന്ന വിശ്വാസ ഉപദേശം ദൈവികം തന്നെ.

രക്ഷയ്ക്കായി വിശ്വാസത്തോടു കൂടെ ന്യായപ്രമാണത്തിന്റെ പ്രവൃത്തിയും കൂടെയുണ്ടെങ്കിലേ രക്ഷ പൂർണ്ണമാകയുള്ളു എന്ന് പറഞ്ഞു കൊണ്ട് മോശയുടെ ന്യായപ്രമാണം ആചരിപ്പാൻ ജാതികളിൽ നിന്നും കർത്താവിലേക്ക് വന്ന വിശ്വാസികളെ തെറ്റിച്ചു കളയുന്ന യഹൂദാ പ്രമാണിമാരിൽ നിന്നും ഗലാതൃസഭയെ സംരക്ഷിക്കുക എന്ന വലിയ ദൗത്യം ഈ ലേഖനത്തിൽ നിറഞ്ഞു നിൽക്കുന്നു.

### Vindication of the Doctrine – സഭയുടെ ഉപദേശ സത്യത്തെ ഉറപ്പിക്കൽ

Gal. 3:1 പൗലൂസ് ഒന്നും മറയ്ക്കാതെ നേരിട്ട് ചോദ്യം ചെയ്യുന്നു. ഹാ ബുദ്ധിയില്ലാത്ത ഗലാതൃരെ!! you foolish Galations. കുറെ കഠിനമായ സംബോധനയായി തോന്നാം. പൗലൂസിന്റെ സങ്കടവും ഹൃദയവ്യഥയും എല്ലാം ഈ വിളിയിൽ അടങ്ങിയിരിക്കുന്നു.

രക്ഷിക്കപ്പെടുവാൻ "ക്രൂശിക്കപ്പെട്ട യേശുവിൻ കാൽവറി രക്തം" ആവശ്യമില്ല എന്നു പറയുന്ന ഒരു ഉപദേശം പ്രചരിക്കാൻ അനുവദിക്കുന്നത് എത്ര അവിശ്വസനീയം.

ആരാണ് ഗലാതൃരുടെ ബുദ്ധിയെ മന്ദീഭവിപ്പിച്ചത്? ആരാണ് ക്ഷുദ്രം ചെയ്തു മയക്കിയത്? ഗലാതൃദേശത്ത് സുവിശേഷം അറിയിച്ചവർ പ്രസംഗിച്ചത് ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെയാണ്. ക്രൂശിക്കപ്പെട്ട കർത്താവായ യേശുക്രിസ്തുവിലേക്ക് നോക്കേണ്ടതിന് പകരം ഇതാ ഗലാതൃർ മോശയുടെ ന്യായപ്രമാണത്തിലേക്ക് നോക്കുന്നു.

From the Cross they departed to the Law of Moses

നമ്മെ നീതീകരിക്കുവാൻ യേശുവിൻ രക്തത്തിലുള്ള വിശ്വാസത്തിനു മാത്രമേ കഴിയുകയുള്ളു എന്ന് ഉറപ്പാക്കുവാൻ വി.പൗലൂസ് 4 ചോദ്യങ്ങൾ ചോദിക്കുന്നു.

Gal. 3:2 (1) How did you receive the Holy spirit? ഗലാതൃസഭയിലെ വിശ്വാസികൾ തങ്ങളുടെ ജാതീയ നടപ്പിൽ നിന്നും മാനസാന്തരപ്പെട്ടത് എങ്ങനെ?

സുവിശേഷത്തിന്റെ പ്രസംഗം കേട്ടതിനാലല്ലേ? രക്ഷയുടെ അനുഭവത്തിലേക്ക് വന്നത് സുവിശേഷം വിശ്വസിച്ചതിനാലല്ലേ? വിശ്വാസത്താൽ രക്ഷിക്കപ്പെട്ട ഗലാതൃസഭയെ, നിങ്ങൾ പരിശുദ്ധാത്മാവിനെ പ്രാപിച്ചതും വിശ്വാസത്താലല്ലേ?

അന്ന് മോശയുടെ ന്യായപ്രമാണം അവരുടെ കൈയ്യിൽ ഉണ്ടായിരുന്നില്ലല്ലോ. ജാതിയിൽ നിന്നും വിളിച്ചു വേർതിരിച്ച സഭയായതിനാൽ ന്യായപ്രമാണത്തെപ്പറ്റി അന്നവർക്ക് യാതൊരു അറിവും ഉണ്ടായിരുന്നില്ല.

Gal. 3:3 (2) How will you be sanctified ?

ആത്മാവുകൊണ്ട് ആരംഭിച്ചിട്ട് ഇപ്പോൾ ജഡം കൊണ്ടോ അവസാനിപ്പിക്കുന്നത്.?

ജീവിതത്തിലെ വിശുദ്ധീകരണം വിശ്വാസത്താൽ ആത്മാവിനെ പ്രാപിച്ചുകൊണ്ട് ആരംഭിച്ചു. എന്നാൽ പൂർണ്ണ വിശുദ്ധീകരണത്തിലേക്ക് എത്താനായി ന്യായപ്രമാണത്തിന്റെ പ്രവൃത്തിയിലൂടെ ആണോ ശ്രമിക്കുന്നത്. വിശ്വാസത്താൽ ആരംഭിച്ചത് പൂർത്തീകരിക്കുവാനും വിശ്വാസം കൊണ്ട് മാത്രമേ കഴിയൂ.

Galations started Christian life by faith and receiving Holy spirit by faith. Now they look forward to reach spiritual maturity by Mosaic Law; by work.

ന്യായപ്രമാണത്തിന്റെ ആചരണത്തിലൂടെ ആത്മിക വർദ്ധന പ്രാപിക്കാൻ ഒരിക്കലും കഴിയുകയില്ല.

Gal. 3:4 (3) ഇത്ര എല്ലാം വെറുതെ അനുഭവിച്ചുവോ? Did you suffer in vain?

fleettech@gmail.com

Acts 14:21-22 *ആ പട്ടണത്തിലും സുവിശേഷം അറിയിച്ചു പലരെയും ശിഷ്യരാക്കിയശേഷം അവർ ലുസ്ത്ര, ഇക്കോന്യ, അന്ത്യോക്യ എന്ന പട്ടണങ്ങളിലേക്കു മടങ്ങിച്ചെന്നു, വിശ്വാസത്തിൽ നില നിൽക്കേണം എന്നും നാം അനേകം കഷ്ടങ്ങളിൽകൂടി ദൈവരാജ്യത്തിൽ കടക്കേണ്ടതാകുന്നു എന്നും പ്രബോധിപ്പിച്ചു ശിഷ്യന്മാരുടെ മനസ്സു ഉറപ്പിച്ചു പോന്നു.*

ആദ്യം സുവിശേഷം അറിയിച്ചപ്പോൾ ഈ പട്ടണത്തിൽ എല്ലാം തന്നെ അനവധി കഷ്ടങ്ങൾ പൗലൂസും ബർന്നബാസും അനുഭവിച്ചതാണ്.

Acts 14:19 *എന്നാൽ അന്ത്യൊക്ക്യയിൽ നിന്നും ഇക്കോന്യയിൽ നിന്നും യെഹൂദന്മാർ വന്നു കൂടി പുരുഷാരത്തെ വശത്താക്കി പൗലൊസിനെ കല്ലെറിഞ്ഞു; അവൻ മരിച്ചു എന്നു വിചാരിച്ചിട്ടു അവനെ പട്ടണത്തിന്നു പുറത്തേക്കു ഇഴെച്ചു കളഞ്ഞു.*

പൗലൂസും ബർന്നബാസും ഗലാത്യദേശം വിട്ടതിനു ശേഷം അവിടെ സഭയ്ക്ക് പീഢനം ഉണ്ടായി എന്ന് കരുതപ്പെടുന്നു.

അങ്ങനെയെങ്കിൽ അന്നത്തെ വിശ്വാസത്തിൽ നിന്നും പതറി ന്യായപ്രമാണം ആചരിക്കാനായി തിരിയുന്നുവെങ്കിൽ അന്ന് അനുഭവിച്ച കഷ്ടങ്ങൾ എന്തിനു വേണ്ടി യായിരുന്നു.

Gal. 3:5 (4) On what basis did God perform miracles ?

ഗലാത്യസഭയിൽ ദൈവം ചെയ്ത അത്ഭുതങ്ങൾ Acts ൽ വിവരിച്ചിട്ടുണ്ട്.

Acts 14:3 *അവൻ കൃപയുടെ വചനത്തിന് സാക്ഷി നിന്നു. അവരുടെ കൈയ്യാൽ അടയാളങ്ങളും അത്ഭുതങ്ങളും ഉണ്ടാകുവാൻ വരം നൽകി.*

Acts 14:8-10 *ലുസ്ത്രയിൽ അമ്മയുടെ ഗർഭംമുതൽ മുടന്തനായി ഒരിക്കലും നടന്നിട്ടില്ലാതെയും കാലിന്നു ശക്തിയില്ലാതെയും ഉള്ളോരു പുരുഷൻ ഇരുന്നിരുന്നു. അവൻ പൊലൊസ് സംസാരിക്കുന്നതു കേട്ടു; അവൻ അവനെ ഉറ്റു നോക്കി, സൗഖ്യം പ്രാപിപ്പാൻ അവന്നു വിശ്വാസമുണ്ടു എന്നു കണ്ടിട്ടു: നീ എഴുന്നേറ്റു കാലൂന്നി നിവിർന്നുനിൽക്ക എന്നു ഉറക്കെ പറഞ്ഞു; അവൻ കുതിച്ചെഴുന്നേറ്റു നടന്നു.*

ഗലാത്യദേശത്തു നടന്ന ഈ അത്ഭുതങ്ങളൊന്നും തന്നെ ന്യായപ്രമാണം ആചരിച്ചപ്പോളുണ്ടായതല്ല. പിന്നെയോ, സുവിശേഷം വിശ്വസിച്ചതുകൊണ്ട് നടന്നതത്രെ.

All miracles due to faith in the crucified Christ.

ഗലാത്യരോട് പ്രസംഗിച്ച ക്രൂശിന്റെ വചനം അവർ വിശ്വസിച്ചപ്പോഴാണ് ഈ അത്ഭുതങ്ങൾ നടന്നത്.

**Example of Abraham**

Gal. 3:6 മോശയിലൂടെ ലഭിച്ച ന്യായപ്രമാണം ആചരിക്കണമെന്ന് പ്രചരിപ്പിക്കുന്ന ദുരുപദേശകർ പൊതുവെ അഭിമാനിക്കുന്നത് പഴയനിയമം തങ്ങളുടെ ഭാഗത്തെ പിന്തുണയ്ക്കുന്നുവെന്നത്രെ.

എന്നാൽ വി.പൗലൂസ് ഈ വാക്യത്തിൽ നമ്മെ, മോശക്കും വളരെ വർഷം (430 വർഷം) പിന്നിലേക്ക് കൊണ്ടുപോകുന്നു. അബ്രഹാമിനെ നോക്കുക.

എങ്ങനെയാണ് അബ്രഹാം നീതീകരിക്കപ്പെട്ടത്? ഉത്തരം വ്യക്തം. ലളിതം. അബ്രഹാം ദൈവത്തിൽ വിശ്വസിച്ചു. അത് അവന് നീതിയായി കണക്കിട്ടു.

ദൈവം കൊടുത്ത വാഗ്ദത്തം വിശ്വാസത്താൽ സ്വന്തമാക്കിയ അബ്രഹാമിന്റെ വിശ്വാസത്തെ ദൈവം നീതിയായി കണക്കിട്ടു.

ഈ നീതീകരണം അബ്രഹാം പ്രാപിക്കുമ്പോൾ, പരിഛേദന ഏറ്റിരുന്നില്ല.

1. നീതീകരണം പ്രാപിക്കാൻ ന്യായപ്രമാണം ഒരു കാരണമല്ല.
2. നീതീകരണം പ്രാപിക്കാൻ പരിഛേദന ഒരു കാരണമല്ല.

fleettech@gmail.com

| | |
|---|---|
| | ഈ രണ്ടു കാര്യം മതി ദുരുപദേശകർക്കെതിരെ ശക്തിയായി നിൽക്കുവാൻ. |
| Gal. 3:7,8 | അബ്രഹാം വിശ്വാസികളുടെ പിതാവ്. വിശ്വാസികൾ അബ്രഹാമിന്റെ മക്കൾ. വിശ്വസിച്ച് നീതീകരണം പ്രാപിക്കുന്ന ജാതിക്കാരനും, വിശ്വസിച്ചു നീതീകരണം സ്വന്തമാക്കുന്ന യഹൂദനും അബ്രഹാമിന്റെ മക്കൾ എന്നു വരുന്നു. |
| | ഇതും ദൈവവചനത്തിൽ മുന്നമേ രേഖപ്പെടുത്തി വച്ചിരുന്നു |
| Gen 12:3 | *നിന്നിൽ ഭൂമിയിലെ സകല വംശങ്ങളും അനുഗ്രഹിക്കപ്പെടും.* |
| | ദൈവം അബ്രഹാമുമായി ഉടമ്പടി ഉണ്ടാക്കുമ്പോൾ അബ്രഹാം പരിഛേദന ഏറ്റിരുന്നില്ല. |
| | അഗ്രചർമ്മിയായ ജാതിക്കാരനെയും "വിശ്വാസത്താൽ" നീതീകരിക്കുവാനുള്ള ദൈവത്തിന്റെ പദ്ധതി അബ്രഹാമിൽ തന്നെ ദൈവം വെളിപ്പെടുത്തി. |
| | ആയതിനാൽ "വിശ്വാസത്താൽ" ഒരു "Gentile"ന് നീതീകരണം പ്രാപിപ്പാൻ പൂർണ്ണമായും ദൈവം വഴി തുറന്നുവച്ചിരിക്കുന്നു. അതിനു പരിഛേദന ആവശ്യമില്ല. ന്യായപ്രമാണത്തിന്റെ ആചരണം ആവശ്യമില്ല എന്നു തീർച്ച. |
| Gal. 3:9 | വിശ്വാസികൾ വിശ്വാസിയായ അബ്രഹാമിനോടു കൂടെ അനുഗ്രഹിക്കപ്പെടുന്നു. സകല ജാതികളും അനുഗ്രഹിക്കപ്പെടുവാൻ ദൈവം വഴി ഒരുക്കിവച്ചിരിക്കുന്നു. എന്നാൽ ഒരു കാര്യം നാം ശ്രദ്ധിക്കണം. അനുഗ്രഹം ലഭിപ്പാൻ ഒന്നു വേണം "വിശ്വാസം" |
| | Only those who believe in the sacrifice of Lord Jesus Christ is saved, is blessed, receives the blessings promised to Abraham. |
| | God's provision is available. But man's choice is needed for receiving it. |
| | THE EFFECT OF THE LAW 3:10-12 |
| | വിശ്വാസത്താൽ മാത്രമേ "നീതീകരണം" പ്രാപിക്കാൻ കഴിയൂ എന്ന് ഗലാത്യ വിശ്വാസികളുടെ അനുഭവത്തിൽ നിന്നും, അബ്രഹാമിന്റെ അനുഭവത്തിൽ നിന്നും തെളിയിച്ചു. |
| | ന്യായപ്രമാണം ആചരിച്ച് അതിലൂടെ "നീതീകരണം"പ്രാപിക്കാൻ ശ്രമിക്കുന്നവർ ക്കെന്തു സംഭവിക്കുന്നു? |
| Gal. 3:10-11 | ദുരുപദേശം പ്രസംഗിക്കുന്നവൻ ധരിച്ചുവച്ചിരിക്കുന്നതിന്റെ വിരുദ്ധമാണ് സംഭവിക്കുന്നത്. |
| | ന്യായപ്രമാണത്തിന് നീതീകരിക്കാൻ കഴിയില്ല. Not possible to justify |
| | ന്യായപ്രമാണം നമ്മെ കുറ്റം നിധിക്കയത്രെ ചെയ്യുന്നത് . It only condemns. |
| Deut. 27:26 | *ഈ ന്യായപ്രമാണത്തിലെ വചനങ്ങൾ പ്രമാണമാക്കി അനുസരിച്ച് നടക്കാത്തവൻ ശപിക്കപ്പെട്ടവൻ.* |
| | ന്യായപ്രമാണം നമ്മിൽ നിന്നും ആഗ്രഹിക്കുന്നു "പൂർണ്ണത". ഏതിൽ എങ്കിലും തെറ്റിയാൽ "ശാപം" ഉറപ്പ്. ഒരൊറ്റ കല്പന ഒരു പ്രാവശ്യം മാത്രം തെറ്റിച്ചാൽ മതി - ശാപം ലഭിക്കാൻ |
| | ഒരു മനുഷ്യജീവിതത്തിൽ ഒരിക്കലെങ്കിലും തെറ്റാതെ ആർക്കു ജീവിക്കാൻ കഴിയും? |
| | അനന്തരഫലം - എല്ലാവർക്കും കിട്ടും ശാപം All are under curse. |
| | മനുഷ്യന്റെ പരിശ്രമം മൂലം ദൈവസന്നിധിയിൽ നിൽക്കാൻ യോഗ്യത നേടുവാൻ മനുഷ്യരിൽ ആർക്കും കഴിയുകയില്ല. ന്യായപ്രമാണകാലത്തുപോലും നീതീകരിക്കപ്പെടുവാനുള്ള വഴി ന്യായപ്രമാണത്തിലൂടെ അല്ല എന്നു തെളിയിക്കുന്ന പ്രവചനം ഹബക്കൂക് പ്രവചനത്തിൽ നിന്നും ഇവിടെ വി.പൗലൂസ് കാണിച്ചു തരുന്നു. |
| Heb 2:4 | "നീതിമാനോ വിശ്വാസത്താൽ ജീവിച്ചിരിക്കും" |

fleettech@gmail.com

Righteous shall live by faith.

Gal. 3:12 ന്യായപ്രമാണത്തിന് ആധാരമായിരിക്കുന്നത് "വിശ്വാസമല്ല" പ്രവൃത്തിയത്രെ.

Lev18:5 'അവയെ ചെയ്യുന്ന മനുഷ്യൻ അവയാൽ ജീവിക്കും' പൂർണ്ണതയോട് കൂടി ന്യായപ്രമാണം മുഴുവൻ ആചരിക്കാൻ അപൂർണ്ണനായ മനുഷ്യന് ഒരു കാലത്തും സാധ്യമല്ല.

He will fail defenitely.

അപ്പോൾ താൻ കുറ്റക്കാരനാകുന്നു. ന്യായപ്രമാണം നമ്മെ "കുറ്റവാളി"യാക്കി നിർത്തുന്നു.

James 2:10 *ഒരുത്തൻ ന്യായപ്രമാണം മുഴുവനും അനുസരിച്ചു നടന്നിട്ടും ഒന്നിൽ തെറ്റിയാൽ അവൻ സകലത്തിനും കുറ്റക്കാരനായിത്തീർന്നു.*

ഈ കുറ്റക്കാരനായി ശിക്ഷ ഏറ്റുവാങ്ങാൻ അർഹനായി നിൽക്കുന്നവന്റെ മുമ്പിൽ ഒരേ ഒരു വഴി മാത്രമേയുള്ളു - RUN TO LORD IN FAITH - വിശ്വാസത്താൽ ലഭിക്കുന്ന നീതീകരണം സ്വന്തമാക്കൂ. Jesus Christ is calling you. Come to me. I will give you REST.

നിങ്ങളുടെ ആത്മാക്കൾക്ക് ആശ്വാസം കണ്ടെത്താൻ എന്റെ അടുക്കൽ വരൂ.

By the work of Christ. Gal 3:13-14

Gal 3:13 ന്യായപ്രമാണം ആചരിക്കാൻ കഴിയാതെ തെറ്റിപ്പോയ ഓരോ വ്യക്തിയും ദൈവസന്നിധിയിൽ കുറ്റക്കാരായി നിൽക്കുമ്പോൾ -

ഇതാ കുറ്റവാളിക്ക് ശിക്ഷ ആവർത്തന പുസ്തകം വിവരിക്കുന്നു.

Deut 2:22 *ഒരുവൻ മരണ യോഗ്യമായ ഒരു പാപം ചെയ്തിട്ട് അവനെ കൊന്ന് ഒരു മരത്തിൽ ശവം മരത്തിന്മേൽ രാത്രി മുഴുവൻ ഇരിക്കരുത്. തൂങ്ങി മരിച്ചാൽ ദൈവസന്നിധിയിൽ ശാപഗ്രസ്തൻ ആകുന്നു.*

ഏറ്റവും വലിയ ശിക്ഷ മരണശിക്ഷ.

അതും അവനെ കൊന്നിട്ട് മരത്തിൽ തൂക്കണം. അവന്റെ മേലുള്ള ദൈവത്തിന്റെ ശാപം എല്ലാവരും കാണേണ്ടതിന്.

Mark 10:45 *മനുഷ്യൻ ശുശ്രൂഷ ചെയ്യിപ്പാനല്ല, ശുശ്രൂഷിപ്പാനും അനേകർക്കുവേണ്ടി തന്റെ ജീവനെ മറുവിലയായി കൊടുപ്പാനും അത്രെ വന്നത്.*

ന്യായപ്രമാണ പ്രകാരം സകല മനുഷ്യരും ശിക്ഷക്കായി വിധിക്കപ്പെട്ടു നിൽക്കുമ്പോൾ, ഇതാ നമ്മുടെ ശാപങ്ങളെ ഒക്കെയും ഏറ്റെടുത്ത് ഒരുവൻ ഏറ്റവും വലിയ ശിക്ഷയായ മരണ ശിക്ഷ ഏറ്റിട്ട് മരത്തിൽ തൂക്കപ്പെടുവാനായി നിൽക്കുന്നു.

"നമുക്കുവേണ്ടി മറുവിലയായി" തന്നെത്താൻ ഏല്പിച്ചു കൊടുത്തു.

അതും പാപം ചെയ്യാത്ത തന്റെ വിശുദ്ധ ജീവൻ, വിശുദ്ധ രക്തം.

പാപം ചെയ്ത എല്ലാ മനുഷ്യരുടെയും "കുറ്റം" യേശു സ്വയം ഏറ്റെടുത്തു.

The Curse of Law was transferred from each of us to Christ.

എന്റെ കുറ്റം യേശു മേലിട്ടു. He took my sin.

എന്റെ ശാപം യേശു ഏറ്റു. He took my Curse. And he made me free.

1 Pet 3:8 *ക്രിസ്തുവും നമ്മെ ദൈവത്തോട് അടുപ്പിക്കേണ്ടതിന് നീതിമാനായി നീതികെട്ടവർക്കു വേണ്ടി പാപം നിമിത്തം ഒരിക്കൽ കഷ്ടം അനുഭവിച്ചു. ജഡത്തിൽ മരണ ശിക്ഷ ഏൽക്കയും ആത്മാവിൽ ജീവിക്കപ്പെടുകയും ചെയ്തു.*

"മരത്തിൽ തൂങ്ങുന്നവൻ എല്ലാം ശപിക്കപ്പെട്ടവൻ" എന്നുള്ള അറിവ് യഹൂദ ജാതിക്കാർക്ക് കർത്താവിനെ ആദ്യകാലത്ത് സ്വീകരിക്കുന്നത് വലിയ ഒരു തടസ്സമായി

fleettech@gmail.com

നിന്നു. എന്നാൽ Isa 53 ന്റെ അർത്ഥം ഗ്രഹിച്ചവർക്ക് ഏറ്റവും വലിയ പ്രേരക ശക്തിയായി തീർന്നു.

Isa 53:5 *നമ്മുടെ സമാധാനത്തിനായുള്ള ശിക്ഷ അവന്റെ മേൽ ആയി.*

Gal 3:14 യേശുക്രിസ്തുവിൻ ശരീരയാഗം രണ്ടുനേട്ടങ്ങൾ നമുക്ക് നല്കി.

1. ജാതികൾ അബ്രാഹാമിനു ദൈവം വാഗ്ദത്തം ചെയ്ത അനുഗ്രഹത്തിന്റെ അവകാശികൾ ആകണം. ഇത് വിശ്വാസത്താൽ ഏവർക്കും ഉള്ളത്. ന്യായപ്രമാണത്തിന്റെ പ്രവൃത്തിമൂലമല്ല. സ്വന്ത പരിശ്രമം ഹേതുവാലുമല്ല.

Just by faith.

യേശുവിൻ ശരീരയാഗം മൂലം എനിക്കുവേണ്ടി ചൊരിഞ്ഞ വിശുദ്ധ രക്തം ഞാൻ വിശ്വാസത്താൽ ഏറ്റെടുക്കുമ്പോൾ ഞാൻ നീതീകരണം പ്രാപിക്കുന്നു. Justification is received free of cost by faith. Salvation by faith.

2. ദൈവം തന്റെ മക്കൾക്ക് വാഗ്ദത്തം ചെയ്ത ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ നാം വിശ്വാസത്താൽ സ്വന്തം ഹൃദയത്തിൽ സ്വീകരിക്കുന്നു. We receve the holy spirit of faith. ഈ പരിശുദ്ധാത്മാവ് നമ്മിൽ പ്രവർത്തിച്ച് നമ്മെ വിശുദ്ധീകരണത്തിലേക്ക് നടത്തുന്നു.

We go from Justification to sanctification

The sanctifying work of the Holyspirit continues in all believers. Justification and sanctification are all by faith.

PERFORMANCE OF FAITH 3:15-18

Gal 3:15-16 അബ്രഹാം നീതീകരിക്കപ്പെട്ടത് വിശ്വാസത്താൽ. എന്നാൽ ന്യായപ്രമാണ വാദികൾ പറഞ്ഞേക്കും പിന്നീടു വന്ന ന്യായപ്രമാണം അതിനു മുമ്പുണ്ടായിരുന്ന വാഗ്ദത്തത്തെ (നീതീകരിക്കപ്പെടുവാൻ കൊടുത്ത വിശ്വാസ മാർഗ്ഗത്തെ) replace ചെയ്തു എന്ന്.

അതിനുള്ള മറുപടിയാണ് ഈ വാക്യങ്ങൾ.

ഒരു Roman Covenant (will പത്രം) ശരിക്കും ഉറപ്പിച്ചതാണെങ്കിൽ അതിനെ അസ്ഥിരപ്പെടുത്തുവാൻ അതിന് ശേഷം വന്ന ഒരു നിയമത്തിനും സാധ്യമല്ല.

അതുപോലെ തന്നെയാണ് ദൈവത്തിന്റെ വാഗ്ദത്തം.

ഈ വാഗദത്തം അബ്രഹാമിന്റെ സന്തതിക്കുള്ളത്. ആ സന്തതി നമ്മുടെ കർത്താവായ യേശുക്രിസ്തു തന്നെ. ഈ വാഗ്ദത്ത സന്തതിയിൽ ലോകത്തെ സകല ജാതികളെയും അനുഗ്രഹിക്കും എന്ന വാഗ്ദത്തം നിറവേറും മുമ്പാണ് 'Law' അഥവാ ന്യായപ്രമാണം കൊടുത്തത്. അതായത് വിശ്വാസത്താലുള്ള നീതീകരണം ദൈവ വാഗ്ദത്തം ആണ്. അത് മാറിപ്പോകില്ല. നീങ്ങിപ്പോകില്ല. നീക്കാൻ ആർക്കും സാധ്യവുമല്ല. അത് അബ്രഹാമിന്റെ “സന്തതി”യായ കർത്താവ് യേശുക്രിസ്തുവിൽ നിവൃത്തിയാകേണ്ട ദൈവവാഗ്ദത്തം തന്നെ.

Gal 3:17 വി.പൗലൂസ് ഇവിടെ തെളിയിക്കുന്നത്: ദൈവം ഉടമ്പടിയാൽ ഉറപ്പിച്ച ഒരു വാഗ്ദത്തം സ്ഥിരമായി നിൽക്കും. അതിനെ അസ്ഥിരപ്പെടുത്തുവാൻ ആ ഉടമ്പടിക്കു ശേഷംവന്ന ഒരു നിയമത്തിനും കഴിയില്ല.

അബ്രഹാമുമായി ദൈവം ഉണ്ടാക്കിയ Abrahamic covenant നു ശേഷം 430 വർഷം കഴിഞ്ഞാണ് “ന്യായപ്രമാണം” കൊടുത്തത്.

Exo: 12:40 (R) യിസ്രായേൽമക്കൾ മിസ്രയീമിൽ കഴിച്ച പരദേശവാസം നാനൂറ്റിമുപ്പതു സംവത്സരമായിരുന്നു.

430 വർഷം എന്നതിനെപ്പറ്റി പല അഭിപ്രായങ്ങളുമുണ്ട്. നമുക്കതു വലിയ പ്രസക്തിയുള്ള വിഷയമല്ലാത്തതിനാൽ അതിലേക്ക് കടക്കുന്നില്ല.

എങ്കിലും പൊതുവായ ഒരു ധാരണ “യാക്കോബിനോട് അബ്രഹാമിക് കവനന്റ്”

fleettech@gmail.com

Abrahamic Covenant ഉറപ്പിച്ചു കൊടുത്ത Gen 46:1-4 വരെയുള്ള സംഭവം മുതൽ സീനായിൽ ന്യായപ്രമാണം കൊടുക്കുന്ന സമയം വരെയുള്ള 430 വർഷം.

Gen 46:1-4 *അനന്തരം യിസ്രായേൽ തനിക്കുള്ള സകലവുമായി യാത്ര പുറപ്പെട്ടു ബേർശേബയിൽ എത്തി തന്റെ പിതാവായ യിസ്ഹാക്കിന്റെ ദൈവത്തിന്നു യാഗം കഴിച്ചു. ദൈവം യിസ്രായേലിനോടു രാത്രി ദർശനങ്ങളിൽ: യാക്കോബേ, യാക്കോബേ എന്നു വിളിച്ചതിന്നു ഞാൻ ഇതാ എന്നു അവൻ പറഞ്ഞു. അപ്പോൾ അവൻ: ഞാൻ ദൈവം ആകുന്നു; നിന്റെ പിതാവിന്റെ ദൈവം തന്നേ; മിസ്രയീമിലേക്കു പോകുവാൻ ഭയപ്പെടേണ്ടാ; അവിടെ ഞാൻ നിന്നെ വലിയ ജാതിയാക്കും എന്നു അരുളിച്ചെയ്തു. ഞാൻ നിന്നോടുകൂടെ മിസ്രയീമിലേക്കു പോരും; ഞാൻ നിന്നെ മടക്കി വരുത്തും; യോസേഫ് സ്വന്തകൈകൊണ്ടു നിന്റെ കണ്ണു അടെക്കും എന്നും അരുളിച്ചെയ്തു.*

ഈ സമയത്തെ 400 വർഷം എന്ന് Gen 15:13 ലും Acts 7:6 ലും കാണുന്നു. അത് Rounded up figure of 430 എന്നാണ് പല ജ്ഞാനികളും വിവരിക്കുന്നത്.

Gen 15:13 *അപ്പോൾ അവൻ അബ്രാമിനോടു: നിന്റെ സന്തതി സ്വന്തമല്ലാത്ത ദേശത്തു നാനൂറു സംവത്സരം പ്രവാസികളായിരുന്നു ആ ദേശക്കാരെ സേവിക്കും; അവർ അവരെ പീഡിപ്പിക്കുമെന്നു നീ അറിഞ്ഞുകൊൾക.*

Acts 7:6 *അവന്റെ സന്തതി അന്യദേശത്തു ചെന്നു പാർക്കും; ആ ദേശക്കാർ അവരെ അടിമയാക്കി നാനൂറു സംവത്സരം പീഡിപ്പിക്കും എന്നു ദൈവം കല്പിച്ചു.*

അതായത് "Age of promise to age of Law"

വാഗ്ദത്ത കാലം മുതൽ ന്യായപ്രമാണ കാലം വരെ.

ഈ നീണ്ട 400 വർഷം ദൈവം പിതാക്കന്മാരോട് ഇടപെട്ടതും അനുഗ്രഹിച്ചതും വാഗ്ദത്ത ഉടമ്പടിപ്രകാരം തന്നെയായിരുന്നു. ഈ ഉടമ്പടിയെ മാറ്റുവാനോ അസ്ഥിരപ്പെടുത്തുവാനോ 400 വർഷം കഴിഞ്ഞ് വന്ന ന്യായപ്രമാണത്തിന് കഴിയില്ല.

ഈ രണ്ട് ഉടമ്പടിയും തമ്മിൽ കൂട്ടി കുഴയ്ക്കണ്ട. എന്തെന്നാൽ "Inheritance" was given by God as an unconditional gift. Salvation by faith is irrevocable.

Obedience to the law was not at all a condition to posses the 'Inheritance'.

ദൈവത്തിന്റെ രക്ഷ എന്നും ഒരേ വഴിയിൽ – കൃപയാലുള്ള വിശ്വാസം മൂലമുള്ള രക്ഷ ഈ മാർഗ്ഗം എന്നും ദൈവത്തിന്റെ വാഗ്ദത്തം തന്നെ.

യഹൂദാ പാരമ്പര്യവാദികളായി ഗലാത്യയിൽ വന്ന് ദുരുപദേശം പ്രസംഗിക്കുന്നവർക്കുള്ള മറുപടി വളരെ വ്യക്തമത്രെ.

ദൈവത്തിന്റെ "unconditional promise" നെ ഒരു നിയമത്തിനും മാറ്റുവാനാവില്ല.

God's way of salvation has always been by grace through faith.

Gal 3:19 Purpose of the Law ന്യായപ്രമാണം എന്തിന്?

ഇത് യഹൂദാവാദികൾ ഉയർത്തുന്ന ചോദ്യം. അതിന്റെ ഉത്തരം വി. പൗലൂസിലൂടെ നൽകപ്പെടുന്നു. ന്യായപ്രമാണത്തിന് പരിശുദ്ധാത്മാവിനെ പകരാൻ കഴിഞ്ഞില്ല. നീതീകരണം (Justification) നൽകാൻ കഴിഞ്ഞില്ല. വിശ്വാസത്താൽ അബ്രഹാമിനും ദൈവം നൽകിയ വാഗ്ദത്തത്തെ സ്ഥിരപ്പെടുത്തുവാൻ കഴിഞ്ഞില്ല. പിന്നെ ന്യായപ്രമാണം എന്തു നൽകി. ശാപം. മനുഷ്യന്റെ മേൽ ശാപം വരുത്തിവച്ചു. പിന്നെന്തിനു ന്യായപ്രമാണം സിനായ് മലയിൽവച്ചു നൽകി?

വി.പൗലൂസ് ന്യായപ്രമാണം നൽകിയതിന്റെ കാരണവും ന്യായപ്രമാണത്തിന്റെ സ്വഭാവവും വിവരിക്കുന്നു.

1. ലംഘനങ്ങൾ നിമിത്തം കൂട്ടിച്ചേർത്തതാണത്. (It was added due to transgressions)

അകൃത്യത്തിന്റെ മേൽ ഒരു നിയന്ത്രണം വരുത്താനായ് ഗ്രഹിച്ചു കൊടുത്തതാണ് ന്യായപ്രമാണം. പാപത്തിന് ശിക്ഷയുണ്ടെന്നും, ദൈവകോപം അവരുടെ മേൽ വരും

fleettech@gmail.com

എന്നും മനുഷ്യനെ ഓർമ്മിപ്പിക്കുന്നു ന്യായപ്രമാണം.

1Tim 1:8-11 *ന്യായപ്രമാണമോ, നീതിമാനല്ല. അധർമ്മികൾ, അഭക്തർ, അനുസരണം കെട്ടവർ, പാപികൾ, അശുദ്ധർ, ബാഹ്യന്മാർ, പിതൃഹന്താക്കൾ, മാതൃഹന്താക്കൾ, കുലപാതകർ, ദുർനടപ്പുകാർ, പുരുഷമൈഥുനക്കാർ, നരമോഷടാക്കൾ, ഭോഷ്ക്ക് പറയുന്നവർ, കള്ളസത്യം ചെയ്യുന്നവർ എന്നീ വകക്കാർക്കും പത്ഥ്യോപദേശത്തിന് വിപരീതമായ മറ്റു ഏതിനും അത്രേ വച്ചിരിക്കുന്നത് എന്ന് ഗ്രഹിച്ചു കൊണ്ട് അതിനെ ന്യായോചിതമായി ഉപയോഗിച്ചാൽ ന്യായപ്രമാണം നല്ലതു തന്നെ എന്ന് നാം അറിയുന്നു. ഈ പരിജ്ഞാനം, എങ്കൽ ഭരമേൽപ്പിച്ചിരിക്കുന്നതായി ധന്യനായ ദൈവത്തിന്റെ മഹത്വമുള്ള സുവിശേഷത്തിനു അനുസാരമായതു തന്നെ.*

2. ന്യായപ്രമാണം താൽക്കാലികം ആയിരുന്നു. വാഗ്ദത്ത സന്തതി വരുവോളം മാത്രമായിരുന്നു അതിന്റെ കാലാവധി. Gen. 3:15-16 സർപ്പത്തിന്റെ തല തകർക്കുന്ന സ്ത്രീയുടെ സന്തതി വരുന്നതുവരെ. വാഗ്ദത്ത സന്തതിയായ നമ്മുടെ കർത്താവിന്റെ ക്രൂശുമരണം വരെ.

Gen. 3:15-16 *ഞാൻ നിനക്കും സ്ത്രീക്കും നിന്റെ സന്തതിക്കും അവളുടെ സന്തതിക്കും തമ്മിൽ ശത്രുത്വം ഉണ്ടാക്കും. അവൻ നിന്റെ തല തകർക്കും; നീ അവന്റെ കുതികാൽ തകർക്കും. സ്ത്രീയോടു കല്പിച്ചതു: ഞാൻ നിനക്കു കഷ്ടവും ഗർഭധാരണവും ഏറ്റവും വർദ്ധിപ്പിക്കും; നീ വേദനയോടെ മക്കളെ പ്രസവിക്കും; നിന്റെ ആഗ്രഹം നിന്റെ ഭർത്താവിനോടു ആകും; അവൻ നിന്നെ ഭരിക്കും.*

3. ന്യായപ്രമാണം കൊടുത്തതോ? മദ്ധ്യസ്ഥൻ മുഖാന്തരം!! രണ്ട് പേർ -ദൂതൻ, മോശെ. ദൈവം അബ്രഹാമിന് നേരിട്ട് കൊടുത്ത വാഗ്ദത്തവുമായി താരതമ്യപ്പെടുത്തുമ്പോൾ ന്യായപ്രമാണത്തിനു താഴ്ന്ന സ്ഥാനമാണുള്ളത്. രണ്ട് മദ്ധ്യസ്ഥന്മാർ ഇടയിൽ. ദൈവത്തെ പ്രതിനിധീകരിച്ച് ദൂതൻ, മനുഷ്യരെ പ്രതിനിധീകരിച്ച് മോശെയും.

Gal 3:20 ഈ വാക്യം 3:19 നോട് ചേർന്നു നിൽക്കുന്നു. ദൈവം അബ്രഹാമിന് വാഗ്ദത്തം കൊടുക്കുമ്പോൾ ആ വാഗ്ദത്തം നിറവേറുന്നതിൽ ഒരാൾക്കേ പങ്കുള്ളു. God alone. No one has anything to do in it. Just believe. God will fulfill the promise. It is unconditional.

ദൈവം അബ്രഹാമിനെ അനുഗ്രഹിക്കാൻ തീരുമാനിച്ചിരിക്കുന്നു. ദൈവം അബ്രഹാമിന്റെ സന്തതിയിലൂടെ ലോകത്തിലെ സകല ജാതികളെയും അനുഗ്രഹിക്കാൻ തീരുമാനിച്ചിരിക്കുന്നു. ഈ covenant നിവൃത്തിയാക്കേണ്ടത് ദൈവം. ദൈവം ഒരുവൻ മാത്രം. മദ്ധ്യസ്ഥന്റെ ആവശ്യം ഇവിടില്ല. എന്നാൽ ന്യായപ്രമാണം അത്തരത്തിലുള്ള ഒരു ഉടമ്പടി അല്ല.

ദൈവത്തിനുണ്ട് ഉത്തരവാദിത്വം. മനുഷ്യർക്കും ഉണ്ട്. രണ്ട് കൂട്ടർക്കും ഉത്തരവാദിത്വം നിറവേറ്റേണ്ടതായുണ്ട്. അതുകൊണ്ട് മദ്ധ്യസ്ഥൻ വേണം.

Gal 3:21-22 ഇവിടെ വേറൊരു ചോദ്യം ഉയരുന്നു. ന്യായപ്രമാണം ദൈവ വാഗ്ദത്തങ്ങൾക്ക് വിരോധമോ?

Is there conflict between God's promise and the Law? No, not at all. വി.പൗലൂസ് ഉറച്ചു പ്രസ്താവിക്കുന്നു. ഒരിക്കലുമല്ല.

ദൈവം തന്നെയാണ് ഇതു രണ്ടും കൊടുത്തത്. രണ്ടിനും രണ്ട് വ്യത്യസ്ത ഉദ്ദേശങ്ങളുണ്ടായിരുന്നു. ന്യായപ്രമാണത്തിന്റെ ഉദ്ദ്യേശം "ജീവൻ" കൊടുക്കുക എന്നുള്ളതായിരുന്നില്ല.

താത്വികമായി നോക്കിയാൽ ന്യായപ്രമാണം പൂർണ്ണമായി പാലിക്കുന്നവർക്ക് ജീവൻ അഥവാ രക്ഷ അഥവാ നിത്യജീവൻ ലഭിക്കണം. എന്നാൽ ഒരു മനുഷ്യനും ന്യായപ്രമാണം പൂർണ്ണമായി പാലിക്കാൻ കഴിഞ്ഞില്ല.

Rom 8:3-4 *ജഡത്താലുള്ള ബലഹീനത നിമിത്തം ന്യായപ്രമാണത്തിനു കഴിയാഞ്ഞതിനെ (സാധിപ്പാൻ) ദൈവം തന്റെ പുത്രനെ പാപജഡത്തിന്റെ സാദൃശ്യത്തിലും പാപം നിമിത്തവും അയച്ചു. പാപത്തിന് ജഡത്തിൽ ശിക്ഷ വിധിച്ചു. ജഡത്തെയല്ല,*

fleettech@gmail.com

| | |
|---|---|
| | *ആത്മാവിനെയത്രെ അനുസരിച്ച് നടക്കുന്ന നമ്മിൽ ന്യായപ്രമാണത്തിന്റെ നീതി നിവൃത്തിയാക്കേണ്ടതിന് തന്നെ.* |
| | എന്നാൽ മോശെ, ന്യായപ്രമാണം പാലിക്കുന്ന യിസ്രായേല്യർക്ക് ലഭിക്കാൻ പോകുന്ന ഭൗതിക നന്മയെപ്പറ്റി ആവർത്തന പുസ്തകത്തിൽ വിവരിക്കുന്നുണ്ട്. |
| Duet 8:1 | *നിങ്ങൾ ജീവിച്ചിരിക്കയും, വർദ്ധിക്കയും യഹോവ നിങ്ങളുടെ പിതാക്കന്മാരോടു സത്യം ചെയ്ത ദേശം ചെന്നു കൈവശമാക്കുകയും ചെയ്യേണ്ടതിന് ഞാൻ ഇന്നു നിങ്ങളോടു കല്പിക്കുന്ന സകല കല്പനകളും നിങ്ങൾ പ്രമാണിച്ചു നടക്കേണം.* |
| | ന്യായപ്രമാണവും, ദൈവ വാഗ്ദത്തവും തമ്മിൽ വൈരുധ്യമില്ല. എങ്കിൽ തമ്മിൽ എങ്ങനെ യോജിക്കുന്നു എന്ന് നമുക്ക് നോക്കാം. |
| | ജീവൻ (രക്ഷ) കൊടുക്കുവാൻ ന്യായപ്രമാണത്തിന് കഴിഞ്ഞില്ല എങ്കിലും അത് സുവിശേഷത്തിനുള്ള വഴി ഒരുക്കി. ഇതെങ്ങനെ? How this happened? |
| | അത് സകല മനുഷ്യരെയും കുറ്റക്കാരായി പ്രഖ്യാപിച്ചു. സകല മനുഷ്യരും പാപത്തിന്റെ തടവറയിൽ കഴിയുന്ന കാഴ്ച. |
| Pslm 143:1-2 | *യഹോവ എന്റെ പ്രാർത്ഥന കേട്ടു എന്റെ യാചനകൾക്കു ചെവി തരേണമേ. നിന്റെ വിശ്വസ്തതയാലും നീതിയാലും എനിക്ക് ഉത്തരമരുളേണമേ. അടിയനെ ന്യായ വിസ്താരത്തിൽ പ്രവേശിപ്പിക്കരുതേ, ജീവനുള്ളവർ ആരും തിരുസന്നിധിയിൽ നീതിമാനാകയില്ലല്ലോ.* |
| Duet 27:26 | *ഈ ന്യായപ്രമാണത്തിലെ വചനങ്ങൾ പ്രമാണമാക്കി അനുസരിച്ച് നടക്കാത്തവൻ ശപിക്കപ്പെട്ടവൻ.* |
| Rom 3: 9 | *ആകയാൽ എന്തു? നമുക്കു വിശേഷതയുണ്ടോ? അശേഷമില്ല; യെഹൂദന്മാരും യവനന്മാരും ഒരുപോലെ പാപത്തിൻ കീഴാകുന്നു എന്നു നാം മുമ്പെ തെളിയിച്ചുവല്ലോ;* |
| | യഹൂദനും യവനനും ഒരുപോലെ പാപത്തിൻ കീഴാകുന്നു. |
| Gal 3:23 | ഒരു വ്യത്യാസവുമില്ല. എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായി ത്തീർന്നു. |
| | പ്രവൃത്തിയിലൂടെ രക്ഷ സമ്പാദിക്കാനുള്ള വാതിലുകൾ അടഞ്ഞ് ശിക്ഷാർഹരായി നിൽക്കുന്ന നേരം ഇതാ വിശ്വാസത്താൽ സൗജന്യമായി നേടാവുന്ന നീതീകരണം. രക്ഷ, കർത്താവായ യേശുക്രിസ്തുവിലൂടെ ലഭ്യമാകുന്നു. ഇതാണ് വാഗ്ദത്തം. ഇതാണ് സുവിശേഷം. ന്യായപ്രമാണത്തിന്റെ പ്രവൃത്തിയിലൂടെ ലഭ്യമാകാഞ്ഞത് ഇതാ വിശ്വാ സത്താൽ സ്വന്തമാകുന്നു. |
| Gal 3:23-25 | ന്യായപ്രമാണം എന്തിന് നല്കി എന്നതിനു വീണ്ടും വി.പൗലൂസ് വിശദീകരണം തരുന്നു. |
| | രണ്ട് സാദൃശ്യങ്ങൾ ഉപയോഗിച്ച് വിവരിക്കുന്ന ന്യായപ്രമാണത്തിന്:- |
| (1) | ഒരു തടവറ (prison) |
| (2) | ശിശുപാലകൻ |
| | വിശ്വാസത്താലുള്ള നീതീകരണം പഴയ നിയമത്തിലുണ്ട്. എന്നാൽ ആ നീതീകരണം കൊടുപ്പാനായിട്ടുള്ള അഭിഷേകസന്തതി വെളിപ്പെടും വരെ ഇതാ ദൈവം തന്റെ ജനത്തെ ജാതികളുടെ മ്ലേച്ഛമായ നടപ്പിൽ നിന്നും സംരക്ഷിക്കുവാൻ ഒരു ശിശുപാല കന്റെ കീഴിൽ ആക്കുന്നു. |
| | ശിശുപാലകൻ “pedagogues" എന്ന ഗ്രീക്ക് വാക്കിന് സമാനമായ വാക്ക് English ൽ ഇല്ല. ആറോ ഏഴോ വയസ്സുള്ള കുട്ടിയെ ഒരു (slave) അടിമയുടെ നിയന്ത്രണത്തിൽ ആക്കുന്നു. ശിക്ഷണം പാലിക്കുന്ന കാര്യത്തിൽ ഈ അടിമ കർക്കശക്കാരൻ ആണ്. പക്വത എത്തും വരെ ഈ കുട്ടി പൂർണ്ണമായും ഈ കർക്കശക്കാരനായ “ശിശുപാല കന്റെ സംരക്ഷണത്തിലായിരിക്കും. |

fleettech@gmail.com

ഇതാണ് ന്യായപ്രമാണം ചെയ്തത്.

നമ്മുടെ കർത്താവായ യേശു വെളിപ്പെടുംനാൾ വരെ ദൈവം തന്റെ ജനത്തെ ശിശു പാലകന്റെ കീഴിൽ സൂക്ഷിച്ചു.

കർത്താവായ യേശുവിൽ "വിശ്വാസത്താൽ നീതീകരണവും രക്ഷയും പ്രാപിക്കാൻ" അങ്ങനെ വഴി തുറന്നു. അങ്ങനെ "ന്യായപ്രമാണത്തിന്റെ വാഴ്ച" വിശ്വാസത്താലുള്ള നീതീകരണത്തിന് വഴി മാറിക്കൊടുത്തു.

Christ delivered believers from the protective custody of the prison and the harsh disciplinarian pedagogues.

ഞാൻ യേശുവിനെ കണ്ടു. യേശു എന്നെ രക്ഷിച്ചു. ഞാൻ സ്വതന്ത്രനായി. ഇനി വേണ്ട ജയിൽ. ഇനി വേണ്ട ന്യായപ്രമാണം. വിശ്വാസത്താൽ ഞാൻ രക്ഷ കണ്ടെത്തി.

**Believers present position - വിശ്വാസിയുടെ ഇന്നത്തെ സ്ഥിതി.**

വിശ്വാസത്താൽ നീതീകരണം സ്വന്തമാക്കിയ ഒരു വിശ്വാസി തന്റെ പഴയ സ്ഥിതിയെ ഒന്ന് താരതമ്യം ചെയ്ത് നോക്കുമ്പോൾ എന്തെല്ലാം സവിശേഷതകൾ കാണുന്നു.

1) 3:26-27 ക്രിസ്തു യേശുവിങ്കലെ വിശ്വാസത്താൽ നാം ദൈവമക്കളാകുന്നു. (ന്യായപ്രമാണം) ശിശുപാലകന്റെ കീഴിൽ പൂർണ്ണ പക്വത എത്താത്ത ശിശു ആയിരുന്നു എങ്കിൽ ഇന്ന് നാം കർത്താവായ യേശുക്രിസ്തുവിങ്കലെ വിശ്വാസത്താൽ പക്വത എത്തിയ മക്കൾ എന്ന പദവി പ്രാപിച്ചിരിക്കുന്നു. We have become children of God.

ക്രിസ്തുവിനോട് ചേരുവാൻ സ്നാനം ഏറ്റിരിക്കുന്ന നാം ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു. പരിശുദ്ധാത്മാവിനെ നാം പ്രാപിച്ചിരിക്കുന്നു. അങ്ങനെ നാം മക്കൾ ആയിരിക്കുന്നു.

1Cor 12:12-13 *ശരീരം ഒന്നും, അതിന്നു അവയവം പലതും ശരീരത്തിന്റെ അവയവം പലതായിരിക്കെ എല്ലാം ഒരു ശരീരവും ആയിരിക്കുന്നതുപോലെ ആകുന്നു ക്രിസ്തുവും. യെഹൂദന്മാരോ യവനന്മാരോ ദാസന്മാരോ സ്വതന്ത്രരോ നാം എല്ലാവരും ഏകശരീരമാകുമാറു ഒരേ ആത്മാവിൽ സ്നാനം ഏറ്റും എല്ലാവരും ഒരേ ആത്മാവിനെ പാനം ചെയ്തുമിരിക്കുന്നു.*

(ഏക ശരീരമാകുമാറ് ഒരേ ആത്മാവിൽ സ്നാനം ഏറ്റും എല്ലാവരും ഒരേ ആത്മാവിനെ പാനം ചെയ്തും ഇരിക്കുന്നു)

Gal 3:27 (നാം ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു)

റോമൻ സമൂഹത്തിൽ ഒരുവൻ യുവാവായിത്തീരുമ്പോൾ അവന് ഒരു പ്രത്യേക വസ്ത്രം നൽകും. അന്ന് മുതൽ കുടുംബത്തിന്റെ സകല അധികാരങ്ങളും അവന് ലഭിക്കും. ഇവിടെ വി.പൗലൂസ് ഗലാത്യ വിശ്വാസികളെ തങ്ങളുടെ പുതിയ പദവിയെ ഓർമ്മിപ്പിക്കുകയാണ്. ന്യായപ്രമാണം കൊടുത്ത ശിശുവിന്റെ വസ്ത്രം വിശ്വാസത്താൽ നീക്കി ഇതാ നിങ്ങൾ ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു. അതായത് നീതിയുടെ വസ്ത്രം നിങ്ങളുടെ മേലുണ്ട്. ഇനി എന്തിന് പഴയ uniform നു വേണ്ടി പോകണം.

You have the cloth of righteousness. You have been clothed in Christ.

2) 3:28 "നിങ്ങൾ എല്ലാവരും ക്രിസ്തുയേശുവിൽ ഒന്നത്രെ" യഹൂദൻ എന്നോ, യവനൻ എന്നോ, ദാസൻ എന്നോ, സ്വതന്ത്രൻ എന്നോ പുരുഷൻ എന്നോ, സ്തീയെന്നോ യാതൊരു വ്യത്യാസവുമില്ല. യഹൂദനിൽ നിന്ന് കർത്താവിലേക്ക് വന്നവന് മറ്റുള്ളവരെക്കാൾ യാതൊരു പ്രത്യേകതയും ഇല്ല.

ക്രിസ്തുവിൻ ശരീരമായ സഭയിൽ ആത്മീകമായി യാതൊരു വ്യത്യാസവും നില നിൽക്കയില്ല.

ഇവിടെ ശുശ്രൂഷയിൽ വ്യത്യാസമുണ്ട് എന്നത് വിസ്മരിക്കുന്നില്ല.

fleettech@gmail.com

1 Tim 2:12 *മൗനമായിരിപ്പാൻ അല്ലാതെ ഉപദേശിപ്പാനോ പുരുഷന്റെമേൽ അധികാരം നടത്തുവാനോ ഞാൻ സ്ത്രീയെ അനുവദിക്കുന്നില്ല.*

അതുപോലെ ഭാര്യയുടെ മേൽ ഭർത്താവിനുള്ള സ്ഥാനം

1Cor11:3 *എന്നാൽ ഏതു പുരുഷന്റെയും തല ക്രിസ്തു, സ്ത്രീയുടെ തല പുരുഷൻ, ക്രിസ്തുവിന്റെ തല ദൈവം എന്നു നിങ്ങൾ അറിയേണം എന്നു ഞാൻ ആഗ്രഹിക്കുന്നു.*

3) 3:29: ക്രിസ്തുവിനുള്ളവർ അബ്രഹാമിന്റെ സന്തതിയും വാഗ്ദത്ത പ്രകാരം അവകാശികളുമാകുന്നു. 3:16 ൽ അബ്രഹാമിന്റെ സന്തതി ആരെന്ന് പറഞ്ഞു. അത് കർത്താവായ ക്രിസ്തുയേശു തന്നെ. ആ സന്തതിയിൽ, അതായത് ക്രിസ്തുവേശുവിൽ ആയിരിക്കുന്ന ഏവരും അബ്രഹാമിന്റെ സന്തതി എന്ന പദവിയിലേക്ക് ഉയർത്തപ്പെടുന്നു. ഓരോ വിശ്വാസിയും കർത്താവായ യേശുക്രിസ്തുവിലൂടെ അബ്രഹാമിന്റെ മക്കൾ ആയിത്തീരുന്നു. യിസ്രായേൽ ജാതിക്കു നൽകിയ വാഗ്ദത്തം ഇതാ ജാതികൾക്കും അവകാശമായി ലഭിക്കുന്നു.

fleettech@gmail.com